**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3716** **02-03-2023 - ൽ മറുപടിയ്ക്ക്**

**മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കന്നുകാലികൾക്ക് സമയബന്ധിതമായി ചികിത്സ ലഭിക്കാത്തതും മരുന്നുകളുടെ വില വർദ്ധനയും മൂലം ക്ഷീര കർഷകർ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കന്നുകാലികൾക്ക് സമയബന്ധിതമായി ചികിത്സ ലഭിക്കാത്തതും മരുന്നുകളുടെ വില വർദ്ധനയും മൂലം ക്ഷീര കർഷകർ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൃഗസംരക്ഷണ വകുപ്പിലേയ്ക്ക് ആവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമായി ആകെ 8,27,55,325/- (എട്ട് കോടി ഇരുപത്തി ഏഴ് ലക്ഷത്തി അമ്പത്തി അയ്യായിരത്തി മുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) രൂപയുടെ മരുന്നുകൾ ഈ സാമ്പത്തിക വർഷത്തിൽ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കന്നുകാലികൾക്ക് ചികിത്സ വീട്ടുപടിയ്ക്കൽ ലഭ്യമാക്കുന്നതിനായി എല്ലാ ക്ഷീരവികസന ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | കന്നുകാലികൾക്ക് ചികിത്സ വീട്ടുപടിയ്ക്കൽ ലഭ്യമാക്കുന്നതിനായി 14 ജില്ലകളിലെ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കന്നുകാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും കാലിത്തീറ്റ സബ്സിഡി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിൻറെ കീഴിൽ നിലവിൽ ക്ഷീരകർഷകർക്കു സൗജന്യമായി കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന ഗോസമൃദ്ധി-എൻ എൽ എം പദ്ധതിയാണ് മൃഗസംരക്ഷണ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ക്ഷീരകർഷകർക്കായി നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി. ഇതിൽ ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50% വും എസ്.സി/എസ്.ടി വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70%വും സർക്കാർ സബ്സിഡിയായി നൽകുന്നുണ്ട്. |

ഉരു ആകസ്മികമായി മരണപ്പെട്ടാലോ, ഉല്പാദന-പ്രത്യുല്പാദന ക്ഷമതാ നഷ്ടം സംഭവിച്ചാലോ ദൈനംദിന സാമ്പത്തിക ഭദ്രത താറുമാറാകുന്ന അവസരത്തിൽ ആയതിന് ഒരു വലിയ പരിഹാരം എന്ന നിലയിലാണ് നിലവിൽ സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ, മൃഗസംരക്ഷണ വകുപ്പ് കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. ഇൻഷ്വർ ചെയ്യുന്ന ഉരുക്കളുടെ ഉടമസ്ഥർക്കും ഈ പദ്ധതി വഴി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനു അപേക്ഷിക്കാവുന്നതാണ്.

2017-18 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പദ്ധതി പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും താൽപര്യ പത്രം ക്ഷണിച്ച് പ്രീമിയം തുക ഏറ്റവും കുറവ് സമർപ്പിച്ച ഇൻഷ്വറൻസ് കമ്പനിയുമായി കരാറിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

കാലിത്തീറ്റ സബ്സിഡി - കന്നുകുട്ടി പരിപാലന പദ്ധതിക്കായുള്ള കന്നുകുട്ടി തീറ്റ സബ്സിഡി പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകി വരുന്നുണ്ട്. ഒരു പശുവിന് പരമാവധി 2 ചാക്ക് കാലിത്തീറ്റയാണ് 50% സബ്സിഡിയോടു കൂടി നൽകുന്നത്. ഒരു കർഷകന് പരമാവധി 10,000/- രൂപ വരെ ഒരു സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ ലഭിക്കുന്നു.

കൂടാതെ ക്ഷീരവികസന വകുപ്പ് പച്ചപ്പുല്ലും, വൈക്കോലും സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീര സംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകി വരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും, വൈക്കോൽ, TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ്

| | | | |
|---|---|---|---|
| | | | നൽകുന്നുമുണ്ട്. ക്ഷീരവികസനവകുപ്പ് ഇതിനോടകം 23.89 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു.<br><br>സബ്സിഡി വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ